MONDAY 17-01-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian     Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 17/01/2022

1. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ജൈകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രത്തിലും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലും പച്ചക്കറി വിളകളിലെ മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള **വെർട്ടിസീലിയം**, ഇലതീനി പുഴുക്കൾക്കെതിരെയുള്ള **ബ്യൂവേറിയ ബാസിയാന**, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള **മെറ്റാറൈസിയം** എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370540** (മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രം), **0487–2699087** (കണ്ണാറ വാഴ ഗവേഷണ കേന്ദ്രം) എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. വെള്ളായണി കാർഷിക കോളേജിൽ നടന്നു വരുന്ന തെക്കൻ കേരളത്തിലെ നാടൻ മാവുകളെ കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി നല്ലയിനം മാവുകളുടെ പ്രവർദ്ധനവും സംരക്ഷണവും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി നല്ലയിനം മാവുകളുടെ പ്രവർദ്ധനവും സംരക്ഷണവും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

3. തിരുവനന്തപുരം ആനയറ വേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ **നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾ, പഴവർഗ്ഗചെടികൾ, ഓർണമെന്റൽ ചെടികൾ, ഗ്രോബാഗ്, ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടനാശിനികൾ** തുടങ്ങിയ ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. കേരളത്തിൽ നാളികേരത്തിന് വിലയിടിവ് ഉണ്ടായ സാഹചര്യത്തിൽ കിലോയ്ക്ക് 32 രൂപ നിരക്കിൽ കേരഫെഡ് വഴി കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുവാൻ തുടങ്ങി. തിരുവനന്തപുരം, കൊല്ലം, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലുള്ള സംഭരണകേന്ദ്രങ്ങളിലാണ് കേരഫെഡ് തുടക്കത്തിൽ സംഭരണം ആരംഭിക്കുക. കൃഷിഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെറുകിട കർഷകരിൽ നിന്നും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലായിരിക്കും സംഭരണം നടത്തുക. രാവിലെ 10 മുതൽ വൈകുന്നേരം 4 മണിവരെയാണ് കേരഫെഡ് കേന്ദ്രങ്ങളിൽ പച്ചത്തേങ്ങ സംഭരിക്കുക. സംഭരിക്കുമ്പോൾ തന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്ന രീതിയിലാണ് ക്രമീകരണം.

5. 1947-ലെ റബ്ബർ ആക്ട് റദ്ദാക്കുന്നതിനും റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) **ബിൽ 2022** എന്ന പേരിൽ പുതിയ നിയമ നിർമ്മാണത്തിനുമായി കേന്ദ്രവാണിജ്യ വകുപ്പ് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തേടുന്നു. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കും പുതിയ നിയമം സംബന്ധിച്ച കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമെല്ലാം ജനുവരി 21-ന് മുമ്പായി സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇ-മെയിലിലോ അറിയിക്കാവുന്നതാണ്.

6. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി** 31-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ,

അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. മൃഗസംരക്ഷണ വകുപ്പിന് കീഴിലുളള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ പുൽകൃഷി വികസനത്തിനായി നിലം ഒരുക്കി നൽകുന്നതിന് മണ്ണുമാന്തിയന്ത്രത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് താൽപ്പര്യമുളളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. മുദ്രവച്ച ടെണ്ടറുകൾ **ഈ മാസം 27-ന് (ജനുവരി 27-ന്) 11 മണിക്ക് മുമ്പായി അസിസ്റ്റന്റ് ഡയറക്ടർ, ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ** എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **7907144318** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

8. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 27 മുതൽ 29 വരെ **കന്നുകാലികളുടെ പ്രത്യുൽപ്പാദന പരിപാലനം വരുമാന വർദ്ധനവിനു അനിവാര്യ ചുവടുവെയ്പ്** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0494-2686329, 0494-2687640** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **24,25 തീയതികളിൽ പശുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 19,20 **തീയതികളിൽ പശുവളർത്തൽ,** 27,28 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ക്ലാസ് റൂം** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുളളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

11. കമുകിന് മണ്ട മറിച്ചിൽ ലക്ഷണം കണ്ടു വരുന്നു. ഇത് നിയന്ത്രിക്കാനായി ഓരോ കമുകിനു ചുറ്റും 250 ഗ്രാം വീതം കുമ്മായം ഇട്ട് നനച്ചുകൊടുക്കണം. ഒരാഴ്ച കഴിഞ്ഞ് ബോറാക്സ് പൗഡർ 25 ഗ്രാം വീതം കമുകിന്റെ വേരിന്റെ ഭാഗത്ത് ഇട്ടു കൊടുക്കാം. കൂടാതെ ഫൈറ്റോലാൻ 3 ഗ്രാം ഒരു ലിറ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളത്തിൽ കലക്കി ഓലകളിൽ തളിയ്ക്കുന്നതും നല്ലതാണ്. തെക്കൻ വെയിലിന്റെ ചൂടു കൊണ്ട് പൊള്ളൽ ഏൽക്കാതിരിക്കാൻ തടിക്കു ചുറ്റും ഓല കെട്ടുകയോ വെള്ള പൂശുകയോ ചെയ്യാം. ചെറു തൈകൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം. വിത്തടക്ക ശേഖരിക്കുകയും പാകുകയും ചെയ്യുന്നത് തുടരാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം